I.ഇ.ബി. XIIകേരള നിയമസഭ/XI-11

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 7, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ

ശ്രീ. എ. പി. അനിൽകുമാർ: ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തിയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചും സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതാണ്. അംഗീകാരമുള്ളതും ഇല്ലാത്തതുമായ സ്വകാര്യ വിദ്യാലയങ്ങളിലേയ്ക്ക് ആയിരക്കണക്കിന് വിദ്യാർത്ഥികൾ പോയിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി ഗവൺമെന്റ് വിദ്യാലയങ്ങളെ ശക്തിപ്പെടുത്തണം. ഏറ്റവും പിന്നോക്കം നിൽക്കുന്ന 107 ഗവൺമെന്റ് ഹൈസ്ക്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഗവണ്മെന്റ് വിദ്യാലയങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കണം.

140 നിയോജകമണ്ഡലങ്ങളിൽനിന്നും ഓരോ വിദ്യാലയം വീതം തെരഞ്ഞെടുത്ത് മികവിന്റെ സ്ക്കൂളുകളാക്കി മാറ്റാനുള്ള ശ്രമം നടത്തിയാൽ ഗവൺമെന്റ് വിദ്യാലയങ്ങളുടെ പ്രതിച്ഛായ മെച്ചപ്പെടുത്താൻ കഴിയും. പാഠപുസ്തകങ്ങളുടെ ഗുണമേന്മകൂടി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഗവൺമെന്റ് വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി മ്യൂസിയമുൾപ്പെടെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾ സൗജന്യമായി സന്ദർശിക്കുന്നതിന് അവസരം നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ട് ബഹുമുഖമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. കേരള പാഠ്യ പദ്ധതി ചട്ടക്കൂട് 2005-ന്റെ തുടർച്ച യായി കേരള പാഠ്യ പദ്ധതി 2007 വികസിപ്പിക്കുകയും അതിന്റെ അടിസ്ഥാന ത്തിൽ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പാഠ പുസ്തകങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു. പുതിയ സമീപനവും ബോധനരീതിയും അദ്ധ്യാപകരിലേയ്ക്ക് എത്തിക്കുന്നതിനായി ഒരു വർഷം 20 ദിവസത്തെ അദ്ധ്യാപക പരിശീലനം നടത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടു ത്തിക്കഴിഞ്ഞു. വിദ്യാർത്ഥികൾക്ക് പഠിക്കാൻ ഒരു വർഷം ചുരുങ്ങിയത് 200 പ്രവൃത്തി ദിവസം ലഭിക്കത്തക്കവണ്ണമുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കു കയാണ്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ മരിച്ചാൽപോലും അന്നേ ദിവസം വിദ്യാലയങ്ങൾക്ക് അവധി കൊടുക്കേണ്ടതില്ലെന്ന നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഒന്നാം ക്ലാസ് മുതൽ എല്ലാ സ്ക്കൂളുകളിലും ഇംഗ്ലീഷ് ഭാഷാ പഠനം ഏർപ്പെടുത്തുകയും മലയാള ഭാഷാ പഠനത്തിന്

കൂടുതൽ ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രപഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമായ 2009 -നെ പ്രയോജനപ്പെടുത്താൻ വ്യത്യസ്തമായ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗലീലിയോ ടെലസ്കോപ്പ് കണ്ടുപിടിച്ചതിന്റെ നാന്നൂറാം വാർഷികം പ്രമാണിച്ച് എല്ലാ സ്കൂളുകളിലും പ്രത്യേക ശാസ്ത്ര പഠന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ സുസ്ഥിരമാക്കാൻ എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ള അന്വേഷണത്തിന്റെ ഭാഗമായി ഹൈസ്ക്കൂളുകൾക്ക് മുഴുവൻ ബ്രോഡ് ബാന്റ് കണക്ഷൻ, കമ്പ്യൂട്ടറിന്റെ സഹായത്തോടെ പഠനം നടത്താൻവേണ്ട ഉപകരണങ്ങൾ, അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പഠന സഹായി എന്നിവ ഈ വർഷം മുതൽ ലഭ്യമാക്കുകയാണ്. 2006-07 അധ്യയനവർഷത്തെ അപേക്ഷിച്ച് 2009-10-ൽ അൺഎയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ് അഭിമാനകരമായ മാറ്റമാണ്. എം.എൽ.എ. മാരുടേയും എം.പി. മാരുടേയും സഹകരണത്തോടെയും വിദ്യാഭ്യാസ വകുപ്പിന്റേയും സർവ്വശിക്ഷാ അഭിയാന്റേയും പിന്തുണയോടെയും ഓരോ മണ്ഡലത്തിൽനിന്നും ഒന്നോ രണ്ടോ സ്കൂളുകളെ തെരഞ്ഞെടുത്ത് ആ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ഗുണമേന്മ വർദ്ധിപ്പിച്ച് മികവിന്റെ സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

(2) <u>കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. പി. തിലോത്തമൻ:</u> ആഗോളമാന്ദ്യം വിദേശ മാർക്കറ്റിൽ കയറുൽപ്പന്നങ്ങളുടെ ഡിമാന്റിന് കുറവുണ്ടാക്കി. വിദേശ ഓർഡറുകളുടെ കുറവ്

കയർ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിച്ചു. ഈ മേഖലയിൽ കഴിഞ്ഞ സെപ്റ്റംബർ മാസം ഗവൺമെന്റ് ഇടപെട്ട് നിശ്ചയിച്ച കൂലി വർദ്ധനവ് നടപ്പിലായിട്ടില്ലെന്നു മാത്രമല്ല കിട്ടിക്കൊണ്ടിരുന്ന കൂലിപോലും ലഭിക്കുന്നില്ല. കയറ്റുമതിക്കാർ ഈ സ്ഥിതിവിശേഷം മുതലെടുത്ത് കയർ ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുകയും കൂലി കുറയ്ക്കുകയും ചെയ്തതാണ്. തമിഴ്നാട്ടിലെ കയർ-ചകിരി മാർക്കറ്റിൽ ചൈന ഇടപെട്ട് ബൾക്കായി ചകിരി സംഭരിക്കുകയാണ്. കയർ കോർപ്പറേഷൻ ഓർഡർ നൽകുമ്പോൾ കയറ്റുമതിക്കാർക്ക് ഡിസ്ക്കൗണ്ട് അനുവദിക്കുന്നുണ്ടെങ്കിലും ചെറുകിട ഉൽപ്പാദകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. പരമ്പരാഗത ചെറുകിട കർഷകർ അവരുടെ തറികൾ പൊളിച്ചുവിൽക്കേണ്ട അവസ്ഥയിലാണ്. രൂക്ഷമായ തൊഴിലില്ലായ്മ കൊണ്ട് ആയിരക്കണക്കിന് തൊഴിലാളികൾ ഈ രംഗം ഉപേക്ഷിച്ച് പോകുകയാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനും ആവശ്യമായ ഫണ്ട് നീക്കിവച്ച് തൊഴിലാളികൾക്ക് സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 225 കോടിയോളം രൂപ വകയിരുത്തി കയർ മേഖലയെ സംരക്ഷിക്കാൻ പരമാവധി ശ്രമിച്ചുവരികയാണ്. കേന്ദ്ര കയർ ബോർഡ് വഴി നൽകുന്ന സഹായങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകുന്നതാണ്. കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 20 ശതമാനം ഇടിവുണ്ടായിട്ടുണ്ടെന്നാണ് സി.ഡി.എസ്. പഠനറിപ്പോർട്ട് വ്യക്തമാക്കുന്നത്. ഏകദേശം 50 കോടി രൂപയുടെ കുറവാണ് കയറ്റുമതിയിൽ ഉണ്ടായിട്ടുള്ളത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ

വിലയാണ് ലഭിക്കുന്നത്. ഇതിന് മാറ്റം വരുത്താൻ ഗവൺമെന്റ് സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിവരുന്നുണ്ട്. ചരിത്രത്തിലാദ്യമായി മാറ്റ്സ് ആന്റ് മാറ്റിംഗ്സ് മേഖലയിലെ തൊഴിലാളികളുടെ കൂലി 56 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് ദിവസം ചുരുങ്ങിയത് 100-രൂപയെങ്കിലും കൂലി ലഭിക്കുന്നിനുള്ള നടപടി സ്വീ കരിച്ചു. ക്രയവില ആനുപാതികമായി വർദ്ധിപ്പിക്കുകയും കയറ്റുമതി ക്കാരുടെ പ്രയാസം മനസ്സിലാക്കി അവർക്ക് നൽകിയിരുന്ന ഡിസ്ക്കൗണ്ട് ഏഴര ശതമാനമാക്കി വർദ്ധിപ്പിക്കുകയും മുൻവർഷത്തെ അതേ നിരക്കിലും അളവിലും വിൽക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾക്ക് രണ്ടര ശതമാനം പ്രത്യേക ഇൻസെന്റീവ് നൽകുകയും ചെയ്തു. ക്രയവില സ്ഥിരത പദ്ധതി നടപ്പിലാക്കിയതുവഴി കയർ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചു. ആഭ്യന്തര വിപണന ശൃംഖല വർദ്ധിപ്പിച്ച് അറുന്നൂറോളം സഹകരണ സംഘങ്ങളിൽ വിൽപ്പന-പ്രദർശന സ്റ്റാളുകൾ തുടങ്ങുന്നതിന് പബ്ളിക് സെക്ടറിനെയെല്ലാം പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. വരുന്ന ഓണക്കാലത്ത് ഗ്രാന്റ് സെയിൽ തന്നെ ഉണ്ടാകും. ഒരു കേരളീയ ഭവനത്തിൽ പ്രകൃതിക്ക് അനുകൂലമായിട്ടുള്ള ഒരു കയറുൽപ്പന്നമെങ്കിലും വാങ്ങണം എന്ന കാമ്പെയിനാണ് നടത്തുന്നത്. ഈ വർഷം ചുരുങ്ങിയത് 10 കോടി രൂപ യുടെ വിൽപ്പന നടത്താൻ കഴിയും. പൊതുമേഖലാ സ്ഥാപനങ്ങൾ മുൻകയ്യെ ടുത്ത് കോ-ഓപ്പറേറ്റീവ്സും ചെറുകിടക്കാരും വൻകിടക്കാരും എല്ലാ വരുംകൂടി ആലോചിച്ച് സർക്കാർ മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിച്ചാൽ വലിയൊരളവുവരെ മാന്ദ്യത്തെ മറികടക്കാൻ സാധിക്കും. കേന്ദ്ര സർക്കാരിന്റെ സഹായം ഇക്കാര്യത്തിൽ ഉണ്ടാകേണ്ട തുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 25 കോടി രൂപയുടെ ഗ്രാന്റ് കയർ

സഹകരണ സംഘങ്ങൾക്ക് കൊടുക്കുകയും സർക്കാർ വായ്പകൾ ഷെയറാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. സഞ്ചിത നഷ്ടം എഴുതിത്തള്ളുന്ന കാര്യം പരിഗണിച്ചു വരികയാണ്. ഇത്തവണത്തെ ബഡ്ജറ്റിൽ ഡീഫൈബറിംഗ് മില്ലിന് 19 കോടി രൂപ, ഫളക്ചേഷൻ ഫണ്ടിന് 10 കോടി രൂപ, കയർ തൊഴിലാളി കടാശ്വാസ പദ്ധതിക്ക് 2 കോടി രൂപ, കയർ മാർക്കറ്റിംഗ് കൺസോർഷ്യം മാർക്കറ്റിംഗ് കമ്പനിക്ക് 2 കോടി രൂപ, കയർ വ്യവസായത്തിന് അപ്പെക്സ് ബോഡി രൂപീകരിക്കാൻ 10 ലക്ഷം രൂപ, സഹകരണ സംഘങ്ങൾക്ക് സർക്കാരിന്റെ ഓഹരി ഒന്നേകാൽ കോടി രൂപ, ക്ളസ്റ്റർ വികസന പദ്ധതിക്ക് 2 കോടി രൂപ, കോമ്പോസിറ്റ് ബോർഡ് ഫാക്ടറിക്ക് 2 കോടി രൂപ, പീഡിത സഹകരണ സംഘങ്ങൾക്കുള്ള സഹായം ഒരു കോടി രൂപ, ക്ഷേമ പദ്ധതിക്ക് 10 കോടി രൂപ എന്നിങ്ങനെയും വച്ചിട്ടുണ്ട്. കൂടാതെ 30 കോടി രൂപ ചെലവിൽ സംസ്ഥാനത്തിനാവശ്യമായ എല്ലാ കയർ യന്ത്രങ്ങളും നിർമ്മിക്കാൻ ഒരു കയർ ഫാക്ടറി ആരംഭിക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നിറുത്തലാക്കിയ മിനിമം പർച്ചേസ് പ്രൈസ്, മിനിമം എക്സ്പോർട്ട് പ്രൈസ് തുടങ്ങിയവയുടെ റിബേറ്റ് പുന:സ്ഥാപിച്ചാൽ കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കും. കയർ തൊഴിലാളികളുടെയും ചെറുകിട ഉൽപാദകരുടെയും കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിക്കുന്നതാണ്.

**സബ്മിഷൻ**

(1) പെൻഷൻ തീയതി ഏകീകരണം

ശ്രീ. വി. ഡി. സതീശൻ: 2009 ഏപ്രിൽ 14-ാം തീയതി വന്ന സർക്കാർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും

റിട്ടയർമെന്റ് തീയതി മാർച്ച് 31 എന്ന് മാറ്റിയിരിക്കുന്നതുമൂലം സർവീസ് മേഖലയിലുണ്ടായിരിക്കുന്ന നിരവധി പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ഉണ്ടാകുമായിരുന്ന റിട്ടയർമെന്റ് ഒഴിവുകളിൽ പ്രൊമോഷൻ പ്രതീക്ഷിച്ചിരുന്നവർക്ക് ഉദ്യോഗക്കയറ്റ നഷ്ടംമൂലം ശമ്പളത്തിലും പെൻഷൻ ആനുകൂല്യങ്ങളിലും കുറവുണ്ടാകും. അനന്തരാവകാശികൾക്ക് ലഭിക്കുന്ന പെൻഷനിലും കാര്യമായ കുറവുണ്ടാകും. പെൻഷന് തൊട്ടുമുമ്പ് സ്ഥലംമാറ്റം പ്രതീക്ഷിച്ചിരുന്നവർക്ക് അതിനുള്ള അവസരവും നഷ്ടപ്പെടുകയാണ്. മാർച്ച് 31-ന് ധാരാളം ജീവനക്കാർ ഒന്നിച്ച് റിട്ടയർ ചെയ്യുന്നത് ഓഫീസിന്റെ കാര്യക്ഷമതയെ ബാധിക്കും. പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റിയുമായി കൊടുക്കേണ്ട 3500 കോടിയോളം രൂപ മറ്റ് കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ മാസങ്ങളോളം കാലതാമസം ഉണ്ടാകും. സൂപ്പർന്യൂമററി പോസ്റ്റിൽ ആളുകളെ എൻട്രി കേഡറിൽ നിയമിക്കുമെന്നുള്ളത് പ്രായോഗികമല്ല. വിവിധ യോഗ്യതകളുള്ള പതിനായിരക്കണക്കിനാളുകളെ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ നിയമിക്കുമെന്ന് പറയുന്നത് പ്രായോഗികമല്ല. വേക്കൻസികൾ പി.എസ്.സി .ക്ക് റിപ്പോർട്ട് ചെയ്യരുതെന്ന് സർക്കാർ ഓറലായിട്ടുള്ള നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിരിക്കുകയാണ്. ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നിരവധി ഇൻസ്റ്റാൾമെന്റുകളായി കൊടുക്കാനുള്ള ഒരു ഹിഡൻ അജണ്ട ഇതിന് പിന്നിലുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): റിട്ടയർമെന്റ് തീയതി ഏകീകരിച്ചുകൊണ്ടുള്ള തീരുമാനം അനുസരിച്ച് സംസ്ഥാനത്തെ 90

ശതമാനം ജീവനക്കാർക്കും ഒരു മാസം മുതൽ 11 മാസം വരെ കൂടുതൽ സർവീസിനുള്ള അവസരമാണ് ലഭിക്കുന്നത്. ജീവനക്കാർക്ക് ഇത് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചശേഷം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് എൻട്രി കേഡറിൽ നിയമനം നടത്തുന്നതിന് വകുപ്പ് മേധാവിക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. പെൻഷൻ തീയതി ഏകീകരിക്കുന്നതുകൊണ്ട് ഈ വർഷം പ്രൊമോഷൻ ഡ്യൂവാകുകയും മാർച്ച് മാസം 31-ാം തീയതിക്കകം റിട്ടയർ ചെയ്യുകയും ചെയ്യുന്ന ചുരുക്കം ചില ജീവനക്കാർക്ക് നഷ്ടം സംഭവിക്കുന്നുണ്ടെങ്കിലും ഇതൊരു മൊത്തം പാക്കേജായി പരിശോധിക്കുമ്പോൾ ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യമാണ് ലഭിക്കുന്നത്. ഇത് ജീവനക്കാർ മൊത്തത്തിൽ അംഗീകരിച്ചതാണ് ഏപ്രിൽ മാസത്തിൽത്തന്നെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് കേരളത്തിന് അനുവദനീയമായ വായ്പാ ഫണ്ട് ലോഡ് ചെയ്യുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്.

(2) <u>പോലീസിനെ ആക്രമിച്ച സംഭവം</u>

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: നിയമത്തേയും നിയമവാഴ്ചയേയും വെല്ലുവിളിച്ചുകൊണ്ട് പത്തനംതിട്ടയിൽ പോലീസുകാർക്ക് നേരെയുണ്ടായ ആക്രമണത്തിന് ഉത്തരവാദികളായവർക്കെതിരെ കേസ്സെടുക്കുകയും ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സ്വാശ്രയ കരാറിനെതിരെ 02-07-09-ന് പകൽ 12.00

മണിയോടുകൂടി ഇരുപത്തഞ്ചോളം എ.ഐ.എസ്.എഫ്/എ.ഐ.വൈ.എഫ്. പ്രവർത്തകർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിനുനേരെ നടത്തിയ മാർച്ച് പോലീസ് തടഞ്ഞതിനെത്തുടർന്ന് പോലീസും പ്രവർത്തകരും തമ്മിൽ വാക്കേറ്റവും ഉന്തുംതള്ളുമുണ്ടാവുകയും എ.ഐ.എസ്.എഫ്. ജില്ലാ പ്രസിഡന്റ് നിലത്ത് വീഴുകയും പോലീസാണ് തള്ളിയിട്ടതെന്നാരോപിച്ച് എ.ഐ.വൈ.എഫ്-ന്റെ സംസ്ഥാന വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പോലീസുകാരെ ആക്രമിക്കുകയുണ്ടായി. ഈ സംഭവത്തോടനുബന്ധിച്ച് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ വിഷയം പ്രതിപക്ഷ നേതാവ് ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജിതമായ അന്വേഷണത്തിന് നിർദ്ദേശം കൊടുക്കുന്നതാണ്.

### (3) വിമാനത്താവള വികസനം

ശ്രീ. വി. സുരേന്ദ്രൻപിള്ള : നേരത്തെ തീരുമാനിച്ചതനുസരിച്ചുള്ള എയ്റോ ബ്രിഡ്ജുകൾ സ്ഥാപിച്ച് തിരുവനന്തപുരം അന്താരാഷ്ട്ര വിമാന ത്താവളത്തിന്റെ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തി യാക്കാനും സ്ഥലം ഏറ്റെടുക്കേണ്ടിവരികയാണെങ്കിൽ കുടിയൊഴിപ്പിക്കപ്പെ ടുന്നവരെ പുനരധിവസിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന്റെ ഭാഗമായി പുതിയ അന്താരാഷ്ട്ര ടെർമിനലിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി എയർപോർട്ടിനോടനുബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് നൽകിയ ഭൂമിയിൽ എയർ ഇന്ത്യയുടെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇതോടനുബന്ധിച്ചുള്ള

റോഡിന്റെയും പാലത്തിന്റെയും പണിയും നടന്നുവരികയാണ്. വിമാന ത്താവളത്തിൽ 3 എയ്റോ ബ്രിഡ്ജുകളാണ് പ്ലാൻ ചെയ്തിട്ടുള്ളതെങ്കിലും ആവശ്യമാണെങ്കിൽ കൂടുതൽ പണിയുന്നതിനുള്ള സംവിധാനമുണ്ട്. 4 കൺവെയർ ബെൽറ്റുകളുണ്ട്. വിമാനത്താവള വികസനത്തിന് ഒന്നാം ഘട്ടത്തിൽ നൽകിയ 27.56 ഏക്കർ ഭൂമിയിലാണ് ഈ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്. രണ്ടാംഘട്ടത്തിൽ നൽകേണ്ട 93 ഏക്കർ ഭൂമിയിൽ 11.5 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകി. ബാക്കി 82 ഏക്കറോളം ഭൂമി ഏറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്ന ആവശ്യം രമ്യമായി പരിഹരിക്കുന്നതിനുള്ള ചർച്ച നടന്നുവരികയാണ്.

## (4) മലയോര കർഷകരുടെ കൈവശഭൂമി

(ഇതേ വിഷയം സംബന്ധിച്ച് സർവ്വശ്രീ കെ.കെ. ജയചന്ദ്രൻ, എസ്.രാജേന്ദ്രൻ, ശ്രീമതി ഇ.എസ്. ബിജിമോൾ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ. എം. മാണി : മുൻ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര സർക്കാർ അനുമതി നൽകിയതനുസരിച്ച് ഇടുക്കി ജില്ലയിൽ 28588 ഹെക്ടർ സ്ഥലത്ത് പട്ടയം നൽകിവന്നപ്പോൾ അതിനെതിരെ ഒരു സംഘടന നൽകിയ കേസ് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്നു. സുപ്രീംകോടതി അനുമതി നൽകി. അതനുസരിച്ച് പട്ടയം കൊടുത്ത സ്ഥലത്തിന് പോക്കു വരവ് ചെയ്തു കൊടുക്കാനും ബാക്കിയുള്ള കൃഷിക്കാർക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 20.3.09-ലാണ് ഈ വിഷയം സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്ന് അനുകൂലമായ വിധി വന്നത്. 06.07.09-ന് ഇടുക്കി ജില്ലയിലെ എം.എൽ.എ-മാരുടെയും റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് ഈ വിഷയം ചർച്ച ചെയ്തു. പട്ടയം കൊടുത്ത ഭൂമിക്ക് പോക്കുവരവ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും മറ്റെല്ലാ വിധത്തിലുമുള്ള സംരക്ഷണം കൊടുക്കുന്ന നടപടികൾ ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മലയോര കർഷകരുടെ പട്ടയത്തിന്റെ കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

### (5) ഭഗവാൻകാണിയെ കാണാതായ സംഭവം

ശ്രീ. ജി. കാർത്തികേയൻ: വിതുര മൊട്ടമൂട് കല്ലാർകോളനി നിവാസിയായ ഭഗവാൻകാണിയെ രണ്ടര മാസംമുമ്പ് കാണാതാവുകയും ഇത് സംബന്ധിച്ച് വിതുര പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തെങ്കിലും യാതൊരുവിധത്തിലുള്ള അന്വേഷണവും ഉണ്ടായില്ല. പോലീസ് തികഞ്ഞ അനാസ്ഥയാണ് ഇക്കാര്യത്തിൽ കാണിച്ചിരിക്കുന്നത്. കുറച്ചുദിവസംമുമ്പ് ഉൾക്കാടുകളിൽനിന്ന് ശിരസ് ഛേദിക്കപ്പെട്ട ഒരു ശവശരീരം കണ്ടെത്തി യിട്ടുണ്ട്. അടിയന്തിരമായി ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റവാ ളികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭഗവാൻകാണിയുടെ മകൻ മാധവൻ കാണി 16-05-2009-ന് വിതുര പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതി നിടയിൽ വിതുര സ്വദേശികൾ ഉൾക്കാടുകളിൽ ഒരു പാറയുടെ

സമീപത്തായി ശിരസ്സറ്റ നിലയിൽ അഴുകിയ ശവശരീരവും അതിനടുത്തുനിന്ന് പട്ടയും കണ്ട വിവരം പോലീസിനെ അറിയിക്കുകയുണ്ടായി. 26-06-2009-ന് വിതുര സബ് ഇൻസ്പെക്ടറും പാലോട് സർക്കിൾ ഇൻസ്പെക്ടറും കൂടി ഉൾക്കാട്ടിൽപോയി സംഭവ സ്ഥലം പരിശോധിച്ചുവെങ്കിലും ശവശരീരമോ അവശിഷ്ടമോ കാണാൻ കഴിഞ്ഞില്ല. സംഭവസ്ഥലത്തുനിന്നും കണ്ടെടുത്ത ലുങ്കിയും ഷർട്ടും ബന്ധുക്കൾ തിരിച്ചറിയുകയും അവിടെ കാണപ്പെട്ടു എന്നുപറയുന്ന മൃതദേഹം ഭഗവാൻ കാണിയുടേതാണെന്ന നിഗമനത്തിൽ ലുങ്കിയും ഷർട്ടും ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഷർട്ടിന്റെ പോക്കറ്റിൽനിന്നും കണ്ടെടുത്ത 37 രൂപ മൂത്തമകൾ ദേവകിയുടെ വീട്ടിൽനിന്ന് ലഭിച്ചതാണെന്ന് വിവരം കിട്ടിയിട്ടുണ്ട്. ഭഗവാൻ കാണിയും ദേവകിയുടെ മകൾ അജിതയുടെ ഭർത്താവ് രാജീവുമായി വഴക്കുണ്ടാകാറുള്ളതായും വിവരം ലഭിച്ചിട്ടുണ്ട്. രാജീവ് ഇപ്പോൾ ഒളിവിലാണ്. രാജീവിനെ കണ്ടുപിടിക്കുന്നതിനും ഭഗവാൻകാണിയെ ആരെങ്കിലും അപായപ്പെടുത്തിയതാണോയെന്ന് കണ്ടെത്തുന്നതിനും തിരുവനന്തപുരം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്താൻ നിർദ്ദേശം കൊടുക്കുന്നതോടൊപ്പം കേസിന്റെ മേൽനോട്ടം എസ്.പി.യെ ഏൽപ്പിക്കുന്നതുമാണ്.

(6) <u>അദ്ധ്യാപക പഠനസഹായിയിലെ അപാകത</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി :</u> എട്ടാം ക്ലാസ്സിലെ മലയാള പാഠപുസ്തകത്തിന്റെ അധ്യാപക സഹായിയിൽ കഥാ നിരൂപണം ഉൾപ്പെടുത്തികൊണ്ട് സഭാ നേതൃത്വത്തെയും പുരോഹിതരേയും അവഹേളിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടത്തിയിരിക്കുന്നത്.

കുട്ടികളുടെയിടയിൽ തെറ്റായ സന്ദേശം എത്തിക്കാൻ ആസൂത്രിതമായ നീക്കം നടത്തിയിരിക്കുന്ന സർക്കാരിന്റെ ഈ നടപടി പുന:പരിശോധിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : എട്ടാം ക്ലാസ്സിലെ അധ്യാപക സഹായിയിൽ Hygwitta എന്ന നിരൂപണം ഉൾപ്പെടുത്തിയത് ക്രൈസ്തവ സഭകളേയും പുരോഹിതരേയും അവഹേളിക്കാനുള്ള ശ്രമമെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതവും അത്യന്തം ദു:ഖകരവുമാണ്. ഭാഷാശേഷി വികസിപ്പിക്കാൻ നിരവധി സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് അധ്യാപക സഹായിയിൽ ശ്രീ. എൻ. എസ്. മാധവന്റെ Hygwitta എന്ന കഥയുടെ നിരൂപണം ചേർത്തിട്ടുള്ളത്.

(7) ട്രെയിൻ യാത്രാ സൗകര്യം

ശ്രീ ബാബു എം. പാലിശ്ശേരി: ഗുരുവായൂരിൽ നിന്നും രാത്രി പുറപ്പെടുന്ന ഗുരുവായൂർ-ചെന്നൈ-എഗ്മൂർ എക്സ്പ്രസ്സിൽ ഘടിപ്പിക്കുന്ന നാല് അധിക സ്ലീപ്പർ കോച്ചുകൾ ഗുരുവായൂർ വരെ നീട്ടുന്നതിനും നിലവിലുള്ള സിറ്റിംഗ് റിസർവേഷൻ സൗകര്യം സ്ലീപ്പർ ബെർത്താക്കി മാറ്റുന്നതിനും ഗുരുവായൂർ നിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്ന പകൽ സമയത്ത് ട്രെയിൻ യാത്രാ സൗകര്യം ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): തിരുവനന്തപുരം-ഗുരുവായൂർ എക്സ്പ്രസ്സ് ചെന്നൈ വരെ നീട്ടിയപ്പോൾ യാത്രാ

സൗകര്യത്തിൽ കുറവ് വന്നു. ഗുരുവായൂർ-ചെന്നൈ-എഗ്മൂർ എക്സ്പ്രസ്സിലെ ബോഗികളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാനാകൂ. പകൽ സമയത്ത് ഗുരുവായൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് ട്രെയിൻ സർവ്വീസ് ആരംഭിക്കേണ്ടത് ആവശ്യമാണ്. റെയിൽവേയുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ പരിഹാരം കാണുന്നതാണ്.

(8) ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ പരിഹരിച്ച് കേരളത്തിലെ നാല് ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ചെയ്യണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ പ്രശ്നം സംബന്ധിച്ച് മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും പ്രധാനമന്ത്രി യുമായി ചർച്ച ചെയ്യുകയും അതോടൊപ്പം ഇടുക്കി പാർലമെന്റ് അംഗമായ ശ്രീ. പി.ടി.തോമസിന്റെ സാന്നിദ്ധ്യത്തിൽ ഈ വിഷയം വാട്ടർ റിസോഴ്സസിന്റെ ചുമതലയുള്ള ശ്രീ. പവൻ കുമാർ ബൻസലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ സജീവമായ ഇടപെടൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകുമെന്ന് പ്രധാന മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. മാത്രമല്ല ഇക്കാര്യം സംബന്ധിച്ച് ശ്രീ. പി.ടി. തോമസ് കൺവീനറായി ഏഴംഗ പാർലമെന്റ് സമിതിയെ സംസ്ഥാന ഗവൺമെന്റ് നിയമിച്ചിട്ടുമുണ്ട്. കേന്ദ്ര ഗവൺമെന്റിനേയും തമിഴ്നാട് പാർലമെന്റ് അംഗങ്ങളേയും ഈ പ്രശ്നങ്ങളുമായി ലെയ്സൺ ചെയ്തു കൊണ്ട് ഒരു പുതിയ ഡാം നിർമ്മിക്കാൻ നയപരമായ തീരുമാനവുമായി

മുന്നോട്ടുപോകാൻ പാർലമെന്റ് സമിതിയേയും പാർലമെന്റ് അംഗങ്ങളേയും മുഖ്യമന്ത്രി തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റിക്ക് ഡാം ഡീ-കമ്മീഷൻ ചെയ്യാനുള്ള നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് നൽകാനുള്ള അധികാരം ഉണ്ട്. ഡാം സേഫ്റ്റി അതോറിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ചെങ്കിലും ഒരു റിപ്പോർട്ടും സംസ്ഥാന സർക്കാരിന് ലഭ്യ മായിട്ടില്ല. ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചതടക്കമുള്ള നിയമം സുപ്രീം കോടതിയുടെ പരിഗണനയിൽ അവസാന വാദത്തിന് ഇരിക്കുന്ന ഘട്ടത്തിൽ കേരളാ സർക്കാരോ ഡാം സേഫ്റ്റി അതോറിറ്റിയോ ഇക്കാര്യത്തിൽ സ്ട്രിൻജെന്റ് സ്റ്റെപ്പിലേയ്ക്ക് പോയാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഇക്കാര്യം ഡാം സേഫ്റ്റി അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകും.

(9) ഹോസ്റ്റൽ സൗകര്യം

ശ്രീ. കെ.സി. കുഞ്ഞിരാമൻ: നോർത്ത് വയനാട് മണ്ഡലത്തിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനായി ഐ.എച്ച്. ആർ.ഡി.യുടെ കീഴിൽ ആരംഭിച്ച സയൻസ് അപ്ളൈഡ് കോളേജിലെ കുട്ടികളുടെ യാത്രാ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി കോളേജ് ആരംഭിച്ച ഘട്ടത്തിലെടുത്തിട്ടുള്ള തീരുമാന പ്രകാരമുള്ള ഹോസ്റ്റൽ എത്രയും പെട്ടെന്ന് ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : മാനന്തവാടി ഐ.എച്ച്.ആർ.ഡി.യുടെ അപ്ളൈഡ് സയൻസ് കോളേജിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി രണ്ട് ഹോസ്റ്റലുകൾ നിർമ്മിക്കാൻ ആരംഭകാലത്ത് തീരുമാനിച്ചെങ്കിലും കെട്ടിട

നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് രണ്ട് കെട്ടിടങ്ങൾ വാടകയ്ക്ക് കണ്ടെത്തിയിട്ടുണ്ട്. ഹോസ്റ്റലിന്റെ പ്രവർത്തനത്തിനാവശ്യമായ വാർഡൻ, വാച്ച്മാൻ, കുക്ക്, ഫുൾടൈം സ്വീപ്പർ എന്നീ തസ്തികകൾ അനുവദിച്ച് ഉത്തരവ് ആയാൽ ഉടൻതന്നെ ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(10) <u>ഭൂചലനംമൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

<u>ശ്രീ. പി. സി. ജോർജ്ജ്</u> : ഉരുൾപൊട്ടലും ഭൂചലനവുംമൂലം തീക്കോയി പഞ്ചായത്തിലെ കാരിക്കാട് എട്ടാം മൈൽ കോളനിയിൽ ആറു വീടുകൾ പൂർണ്ണമായും തകർന്നു. പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാര തുക നിശ്ചയിക്കുന്ന നിലവിലുള്ള നിയമം മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ. പി. രാജേന്ദ്രൻ)</u> : പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. മരണപ്പെട്ടവരുടെ കുടുംബാം ഗങ്ങളോട് അനുകമ്പാപൂർവ്വമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടിമിന്നൽമൂലം ഉണ്ടാകുന്ന നാശനഷ്ടത്തെ പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപവരെ സഹായധനമായി അനുവദിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ റിപ്പോർട്ടിൽ വന്നതിനെക്കാളും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കുമോയെന്ന് പരി ശോധിക്കുന്നതാണ്..

(11) <u>എൻ.സി.ഇ.ആർ.ടി.. സിലബസ്</u>

<u>ശ്രീമതി കെ. എസ്. സലീഖ</u>: മലയാളം മീഡിയത്തിൽ പഠിച്ച കുട്ടികൾക്ക് ഹയർ സെക്കണ്ടറി തലത്തിൽ എൻ.സി.ഇ.ആർ.ടി.. സിലബസ്

പഠിക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നു. എട്ടാം ക്ളാസ് മുതൽ എൻ. സി.ഇ.ആർ.ടി സിലബസ് പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇവർക്ക് ഇംഗ്ളീഷിന് പ്രത്യേക പഠന രീതി തയ്യാറാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): 11, 12 ക്ളാസ്സുകളിൽ ദേശീയ പാഠ്യ പദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടിവരുന്നു. ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ് എന്നിവയുടെ പാഠ്യപദ്ധതി ഇവിടെ യാണ് തയ്യാറാക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാന സിലബസിൽ ഒന്നാം ക്ളാസ് മുതൽ ഇംഗ്ളീഷ് പഠിപ്പിക്കാനുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മലയാള ഭാഷയുടെ പ്രാധാന്യം കുറയ്ക്കാതെ ഇംഗ്ളീഷ് പഠനത്തിന് സൗകര്യം ഉണ്ടാക്കുന്നുണ്ട്.

(12) വികലാംഗരുടെ പട്ടികയിലുൾപ്പെടുത്തൽ

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: Dwarfism ബാധിച്ചവരെ വികലാംഗരുടെ പട്ടികയിലോ അനുബന്ധമായോ ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് തൊഴിൽ, ക്ഷേമനിധി പെൻഷൻ തുടങ്ങിയവ അനുവദിക്കാനും വിദ്യാഭ്യാസ പ്രശ്നത്തിന് പരിഹാരം കാണാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 1995-ലെ കേന്ദ്ര നിയമപ്രകാരം ഫിസിക്കലി ചലഞ്ച്ഡ് ആയി ട്ടുള്ളവരുടെ പട്ടികയിൽ ഡ്വാർഫിസം ബാധിച്ചവരെ ഉൾപ്പെടുത്താത്തതു കൊണ്ട് വികലാംഗർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല. കേന്ദ്ര ആക്ടിൽ ഭേദഗതി വരുത്താൻ സഭ ഏകകണ്ഠമായി തീരുമാന മെടുത്ത് പാർലമെന്റിനോട് ആവശ്യപ്പെടാം. കേന്ദ്രനിയമത്തിൽ ഭേദഗതി

വരുത്തുന്നതിനു മുമ്പ് ഈ വിഭാഗത്തെ വികലാംഗരുടെ പട്ടികയിൽപ്പെടുത്തി സഹായം കൊടുക്കാൻ കഴിയുമോ എന്നുള്ളത് നയപരമായി തീരുമാനം എടുക്കേണ്ട കാര്യമാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇവരുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(13) തലശ്ശേരി-മൈസൂർ റെയിൽ പാത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: തലശ്ശേരി -മൈസൂർ റെയിൽ പാത പ്രാഥമിക സർവ്വേ 1997-98-ൽ നടത്തി 869 കോടി രൂപ ആവശ്യമാണെന്ന് കണ്ടെത്തിയെങ്കിലും സാമ്പത്തികമായി ലാഭകരമല്ലെന്ന കാരണത്താൽ ഇത്തവണത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയില്ല.പാർലമെന്റ് സെഷൻ കഴിയുന്നതിനുമുമ്പ് ഈ റെയിൽ പാത കൂടി ഉൾപ്പെടുത്തി പ്രഖ്യാപനം നടത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം നടത്തിയ പ്രത്യേക പരിശ്രമങ്ങളുടെ ഫലമായി കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ തലശ്ശേരി-മൈസൂർ പാതയുടെ സർവ്വേ പൂർത്തിയാക്കി റെയിൽവേ ബോർഡിന് റിപ്പോർട്ട് നൽകിയെങ്കിലും വരുമാനത്തിന്റെ തോത് വച്ചുനോക്കുമ്പോൾ ലാഭകരമല്ലെന്ന് പറഞ്ഞ് റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയില്ല. 15-6-09-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരളത്തിലെ കേന്ദ്ര മന്ത്രിമാരുടെയും എം.പി.-മാരുടെയും സംയുക്തയോഗതീരുമാനപ്രകാരം മുൻഗണനാക്രമത്തിൽ

മലബാർ തലശ്ശേരി-മൈസൂർ റെയിൽപാത ഉൾപ്പെടുത്തി കേന്ദ്ര റെയിൽവേ സഹമന്ത്രിക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കി കിട്ടുന്നതിനാവശ്യമായ എല്ലാ സമ്മർദ്ദവും തുടർന്നും നടത്തു ന്നതാണ്.

(14) മാലിന്യം എറിഞ്ഞുള്ള മോഷണം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം തിരുനക്കരയിൽ എസ്.ബി.ടി. ശാഖയിൽ നിന്ന് പണവുമായിറങ്ങിയ ബാബുജേക്കബ്ബ് എന്നയാളുടെ ഷർട്ടിൽ മാലിന്യമെറിഞ്ഞ് മോഷണം നടത്തുകയുണ്ടായി. പുതിയ തന്ത്രം ആവിഷ്ക്കരിച്ച് മോഷണം നടത്തുന്ന ഇത്തരം സംഘത്തെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് കണ്ടുപിടിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വസ്ത്രങ്ങളിൽ മാലിന്യം എറിഞ്ഞ് മോഷണം നടത്തുന്ന തുമായി ബന്ധപ്പെട്ട കേസ്സുകളിൻമേൽ കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കോട്ടയം വെസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. എത്രയും പെട്ടെന്ന് പ്രസ്തുത കേസ്സുകൾ തെളിയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ക്കുന്നതാണ്.

(15) ജില്ലാ സഹകരണ ബാങ്കിലെ കവർച്ച

ശ്രീ. പി. വിശ്വൻ : ജില്ലാ സഹകരണ ബാങ്കിന്റെ പയ്യോളി ശാഖയിൽ ലോക്കറുകൾ പൊട്ടിച്ച് ഡയമണ്ട്, സ്വർണ്ണനാണയങ്ങൾ, സ്വർണ്ണാഭരണങ്ങൾ എന്നിവ കവർന്ന സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും കൊയിലാണ്ടി-

പയ്യോളി-വടകര-പാനൂർ തുടങ്ങിയ മേഖലകളിൽ നടന്നുവരുന്ന കവർച്ച തടയുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പയ്യോളി ജില്ലാ സഹകരണ ബാങ്കിൽ നടന്ന കവർച്ച സംബന്ധിച്ച് പയ്യോളി പോലീസ് സ്റ്റേഷനിൽ  കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്താൻ കണ്ണൂർ റേഞ്ച് ഐ.ജി.യുടെ നേതൃത്വത്തിലുള്ള സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി കണ്ടുകൊണ്ട് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(16) പകർച്ചപ്പനി

ശ്രീ.കെ.സി. ജോസഫ്: കണ്ണൂർ ജില്ലയിൽ പ്രത്യേകിച്ച് മലയോര മേഖലയിൽ പകർച്ചപ്പനി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആശുപത്രി കളിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി ജനങ്ങളുടെ ഭയാശങ്കകൾ അകറ്റുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചും മരുന്നുകൾ ലഭ്യമാക്കിയും പകർച്ചപ്പനി പ്രതിരോധിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പണം**

1 മുതൽ 10 വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2008-2009 വർഷത്തെ ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

<u>2009–2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന-</u>

<u>കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (56,50,35,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും

(193,85,89,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>) : പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, വർക്കല കഹാർ, കെ. ശിവദാസൻ നായർ, എം.എ. വാഹീദ്, സി.പി. മുഹമ്മദ്, എ.പി. അനിൽ കുമാർ, കെ.ബാബു, ആര്യാടൻ മുഹമ്മദ്, കെ.സി. ജോസഫ്, എൻ. ശക്തൻ, തോമസ് ചാഴികാടൻ, ജോസഫ് എം. പുതുശ്ശേരി, വി.ഡി. സതീശൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അബ്ദുറഹിമാൻ രണ്ടത്താണി, യു.സി. രാമൻ, വി.കെ. ഇബ്രാഹിം കുഞ്ഞ്, എം. മുരളി, സി.ടി. അഹമ്മദ് അലി പ്രൊഫ.

എൻ.ജയരാജ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു)

ശ്രീ. സി.പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പബ്ലിക് റിലേ ഷൻസ് വകുപ്പിന്റെ കേരളം വീണ്ടും മാതൃകയാകുന്നു എന്ന ലഘു ലേഖയിൽ തൊഴിൽ വകുപ്പിനെക്കുറിച്ച് യാതൊന്നും പ്രതിപാദിക്കുന്നില്ല. സംസ്ഥാനത്തെ താഴെത്തട്ടിലെ ജീവനക്കാർ മുതൽ ഐ.ടി.മേഖലയിലെ ഉദ്യോഗസ്ഥർവരെ പിരിച്ചുവിടൽ ഭീഷണിയെ നേരിടുകയാണ്. ഐ.ടി. മാനേജ്മെന്റുകൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. പരമ്പരാഗത മേഖലയിൽ നിശ്ചയിച്ച കൂലി പരിശോധിച്ചാൽ കേന്ദ്ര സർക്കാരിന്റെ തൊഴിലുറപ്പുപദ്ധതിയുടെ കൂലിയുടെ അടുത്തുപോലും എത്തുന്നില്ല. കയർ മേഖലയിൽ സ്ഥാപനങ്ങളുടെ വരുമാനവും കൂലി കൊടുക്കാനുള്ള ശേഷിയും കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതിയുടെ കൂലി കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ആശ്വാസ വേതന പദ്ധതിയുണ്ടാക്കി കേന്ദ്രത്തിന് സമർപ്പിക്കുകയെങ്കിലും ചെയ്യണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ വ്യവസായ വകുപ്പുമന്ത്രി വിളിച്ച യോഗത്തിന്റെ മിനിറ്റ്സ് പ്രതിപക്ഷ ട്രേഡ്‌യൂണിയൻ സംഘടനകൾക്ക് നൽകിയില്ല. കേന്ദ്രം ബോണസ്സിന്റെ കാര്യത്തിൽ ഭേദഗതിവരുത്തിയത് കേരളത്തിൽ നടപ്പാക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കണം. പൂട്ടിക്കിടന്ന കമ്പനികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജസ്റ്റിസ് നാരായണ ക്കുറുപ്പ് കമ്മീഷൻ പ്രഖ്യാപിച്ച 30 ശതമാനം ഇടക്കാല ആശ്വാസം കേരള ത്തിലെ പല പത്രസ്ഥാപനങ്ങളും നൽകുന്നില്ല. ലേബർ കമ്മീഷണർ മൂന്ന് അനുരഞ്ജന ചർച്ചകൾ നടത്തിയെങ്കിലും കൊച്ചിയിലെ ന്യൂ ഇന്ത്യാ

എക്സ്പ്രസ്സിലെ ജീവനക്കാർ നടത്തിവരുന്ന സമരം അവസാനിപ്പിക്കാൻ സാധിച്ചില്ല. അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികൾ കേരളം കയ്യടക്കുകയാണ് ഇത് മനുഷ്യാവകാശലംഘനമാണ്. ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ വീഴ്ച വരുത്തിയെന്ന് കേന്ദ്രകമ്മിറ്റിതന്നെ വെളിപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നത് പലവിധ മാരക രോഗങ്ങൾക്കും കാരണമാകുന്നു. ആരോഗ്യക്ഷേമത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന സംസ്ഥാനം മദ്യവ്യാപനത്തെക്കുറിച്ച് ശ്രദ്ധിക്കാതിരിക്കുന്നത് ശരിയല്ല. തെരഞ്ഞെടുപ്പിനു ശേഷം ബിവറേജസ് കോർപ്പറേഷനിൽ മദ്യത്തിന്റെ വില കൂട്ടിയതിൽ ദുരൂഹതയുണ്ട്. അബ്കാരി ചട്ടങ്ങളിലെ എഫ്.എൽ.4 (എ) പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് ലൈസൻസ് കൊടുത്ത നടപടിയെക്കുറിച്ച് അന്വേഷിക്കണം. ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതിലെ ധാർമ്മികതയെക്കുറിച്ച് ഗവൺമെന്റ് വ്യക്തമാക്കണം. കേരളത്തിൽ സ്പിരിറ്റ് കടത്ത് യഥേഷ്ടം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ കള്ള് ചെലവാകുന്നു എന്നതുകൊണ്ട് അധികമായി ചെലവാകുന്ന കള്ളുണ്ടാക്കാൻ എത്ര ലിറ്റർ സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കണം. പാൻ മസാലയുടെ ഉപയോഗവും അനാശാസ്യ പ്രവണതകളും കേരളത്തിൽ വർദ്ധിച്ചുവരുകയും സ്ക്കൂൾ കുട്ടികൾപോലും അതിന് അടിമകളായിത്തീരുകയും ചെയ്യുന്ന സ്ഥിതിക്ക് പരിഹാരം കാണണം. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. കേരളത്തിൽ നിന്ന് വിദേശത്തേയ്ക്ക് ജോലിക്ക് പോകുന്നവരിൽ രണ്ടു

ശതമാനത്തെപ്പോലും ഒഡെപെക്ക് വഴി അയയ്ക്കാൻ സാധിക്കുന്നില്ല. വിഷ മദ്യ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടില്ല.

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് അഭിമാനിക്കാൻ വക നൽകുന്ന ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ട്രേഡ് യൂണിയനുകളുടെ ഐക്യത്തോടെയുള്ള പ്രവർത്തന ത്തിന്റെ ഫലമായി തൊഴിൽ രംഗത്ത് സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. വ്യവസായ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നയസമീപനങ്ങൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നോക്കുകൂലി പ്രശ്നത്തിൽ ശക്തമായ നിലപാടെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വ്യവസായ-തൊഴിൽ-ആഭ്യന്തര വകുപ്പുകളുടെ ഇപെടലിലൂടെ വളരെക്കാലമായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് പ്രദേശത്ത് അന്യായമായി പിരിവ് നടത്തിക്കൊണ്ടിരുന്ന മാഫിയ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനും ആ പ്രദേശത്തെ തൊഴിൽ മേഖലയിൽ സമാധാനം ഉറപ്പുവരുത്താനും സാധിച്ചു. അസംഘടിത മേഖലയിലെ 60-ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്ന തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവർക്ക് മിനിമം വേതനം ഉറപ്പുവരുത്തി ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ

ഉൾപ്പെടുന്ന പത്ത് ലക്ഷത്തോളം വരുന്ന അസംഘടിത തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തി. സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷനെ ശക്തിപ്പെടുത്തി. കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് ജോബ് കാർഡ് നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചു. നല്ലനിലയിൽ പ്രവർത്തനം നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ഉയർന്ന നിരക്കിലുള്ള ബോണസും ഇൻസെന്റീവും മറ്റാനുകൂല്യങ്ങളും ഇപ്പോൾ ലഭിക്കുന്നുണ്ട്. മലബാർ സിമന്റ്സിലെ ജീവനക്കാർക്ക് ഓവർ ടൈം പുന:സ്ഥാപിച്ച് കൊടുത്തതുൾപ്പെടെ ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷത്തിനിടയ്ക്ക് പവർ കട്ട് ഏർപ്പെടുത്താത്തതുകൊണ്ട് ഉൽപാദനത്തിന്റെ കാര്യത്തിൽ കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെ മുൻപന്തിയിലെത്തിക്കാൻ സാധിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ പല സ്ഥാപനങ്ങളിലും പാലിക്കുന്നില്ല. പാശ്ചാത്യ നാടുകളിൽ പിന്തുടരുന്ന തൊഴിലാളി വിരുദ്ധ സമീപനങ്ങൾ സംസ്ഥാനത്തേയും ബാധിക്കുകയാണ്. ന്യൂ ജനറേഷൻ ബാങ്കും ഇൻഷ്വറൻസ് സ്ഥാപനങ്ങളും ഐ.ടി. സ്ഥാപനങ്ങളുമൊക്കെ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയോ തൊഴിൽ നിയമങ്ങൾ പാലിക്കുകയോ ചെയ്യാത്തത് കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തോടുള്ള ഒരു വെല്ലുവിളിയായി കാണണം. പുതിയ ധനകാര്യ സ്ഥാപനങ്ങളിലും ബാങ്കുകളിലും ജോലി സമയം നിജപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല തൊഴിലാളികളെക്കൊണ്ട് 12 മണിക്കൂറും അതിനപ്പുറവും ജോലി ചെയ്യിപ്പിക്കുകയും അവരുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ ഉപയോഗപ്പെടു

ത്തിയശേഷം നിർബാധം പിരിച്ചുവിടുകയുമാണ് ചെയ്യുന്നത്. തൊഴിൽശാല കളിലും. പാടത്തുമൊക്കെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജോലി സമയം 8 മണിക്കൂർ എന്ന അവകാശം ലഭിച്ചത് ഐതിഹാസികമായ സമരത്തിലൂടെയാണ് തൊഴിലാളികളുടെ അവകാശങ്ങളും സേവന-വേതന വ്യവസ്ഥകളും സംരക്ഷിക്കാനുള്ള നിയമനിർമ്മാണ ങ്ങൾക്കാണ് സംസ്ഥാന നിയമസഭ എല്ലായ്പ്പോഴും പ്രാധാന്യം നൽകിയിട്ടുള്ളത്. ആവശ്യമെന്ന് കണ്ടാൽ പുതിയ നിയമനിർമ്മാണങ്ങൾ നടത്തി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കണം. ഐ.ടി. സ്ഥാപനങ്ങളിലും ന്യൂ ജനറേഷൻ ബാങ്കുകളിലും ഇൻഷ്വറൻസ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അഭ്യസ്ത വിദ്യരായ യുവതിയുവാ ക്കൾക്ക് നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിക്കൊടുക്കണം. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻ ഐ.ടി.സ്ഥാപനങ്ങളെല്ലാം മിക്കവാറും അമേരിക്കയിൽ നിന്ന് ഔട്ട്സോഴ്സ് ചെയ്ത സ്ഥാപനങ്ങളാണ്. റിസഷൻ വരുന്നതിന് മുമ്പും ശേഷവും അമേരിക്കയിൽ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 10 ശതമാനം പോലും ഇവിടെ ആ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്നില്ലെന്നുള്ളത് വസ്തുതയാണ്. കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ച 200 കോടി രൂപ നഷ്ടപ്പെടുത്താതെ കൊച്ചി തുറമുഖ വികസന പദ്ധതികൾ നടപ്പാക്കാൻ അവിടത്തെ തൊഴിൽ മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തണം. പ്രവാസികളുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര താല്പര്യമെടുക്കുന്നില്ലെങ്കിലും സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന ഈ സന്ദർഭത്തിൽപ്പോലും കേന്ദ്ര സർക്കാർ അവർക്കുവേണ്ടി 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള ഉറുദു

മീഡിയം ഐ.ടി.ഐ. പദ്ധതി സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണം. പുതിയ മദ്യഷാപ്പുകൾ അനുവദിക്കരുത്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണാധികാരങ്ങൾ തിരികെ നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. രാജൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിലെ അസംതൃപ്തിയും തൊഴിൽ വകുപ്പിലെ കെടുകാര്യസ്ഥതയും ഇല്ലായ്മ ചെയ്ത സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. തൊഴിലാളി-തൊഴിലുടമ ബന്ധം നല്ല രീതിയിൽ സ്ഥാപിച്ചെടുക്കാനും തൊഴിൽ മേഖലയിൽ പോലീസിന്റെ അതിക്രമങ്ങളും തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാനും ഈ ഗവൺമെന്റിനു സാധിച്ചു. ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും ഫലമായി പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഏറ്റവുംകൂടുതൽ സ്ത്രീ തൊഴിലാളികളുള്ള കശുവണ്ടി വ്യവസായം നിലനിർത്തുന്നതിനായി ആഭ്യന്തര കമ്പോളത്തെ ആശ്രയിക്കുന്നതോടൊപ്പം മൂല്യവർദ്ധിത ഉല്പന്ന ങ്ങളുണ്ടാക്കാൻ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ മുന്നോട്ടുവന്നിട്ടുണ്ട്. അവയ്ക്ക് മാർക്കറ്റ് കണ്ടെത്താനും, വേണ്ടത്ര പ്രചാരണം നടത്താനും നടപടി സ്വീകരിക്കണം. കൃഷി വകുപ്പുമായി യോജിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. തൊഴിലാളികളുടെ ഗ്രാറ്റ്യുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നീക്കിവച്ചിട്ടുള്ള 13 കോടി രൂപ അപര്യാപ്തമാണ്. അതിന് പ്രത്യേക ഫണ്ട് അനുവദിക്കണം. ഫീസിബിലിറ്റിയും തൊഴിലാളികളുടെ ലഭ്യതയും നോക്കിയ ശേഷമേ പുതിയ കശുവണ്ടി ഫാക്ടറികൾ അനുവദിക്കാവൂ. ഇതിലേയ്ക്കായി കശുവണ്ടി

വ്യവസായ രംഗത്തുള്ള എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തു തീർത്തു. കഴിഞ്ഞ സർക്കാർ കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിന്റെ വിഹിതം വർദ്ധിപ്പിച്ചെങ്കിലും അതിന്റെ ആനുകൂല്യം വർദ്ധിപ്പിച്ചില്ല. ഇതിലെ ഭൂവുടമ വിഹിതം സംബന്ധിച്ച് നിയമനിർമ്മാണം നടത്തണം. കയർ വ്യവസായ രംഗത്ത് തൊഴിലില്ലായ്മ വ്യാപകമാകുന്ന സാഹചര്യത്തിൽ കയർ കമ്മീഷൻ റിപ്പോർട്ട് അതിന്റെ സമ്പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കണം. എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും 250 രൂപയാക്കി വർദ്ധിപ്പിച്ചത് അഭിനന്ദനാർഹമാണ്. അധിവർഷാനുകൂല്യം നൽകുന്നതിന് തുക വകയിരുത്തണം. മരണാനന്തര സഹായം, വിവാഹ ധനസഹായം, പ്രസവകാല സഹായം, ചികിത്സാ സഹായം തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കുകയും ആവശ്യമായ തുക വകയിരുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുകയും വേണം. ഒരു കള്ള്ഷാപ്പിൽ കുറഞ്ഞത് 5 ചെത്ത് തൊഴിലാളികൾ വേണമെന്നുള്ള വ്യവസ്ഥ പാലിക്കാത്ത ഷാപ്പുകളെ പരിശോധനാവിധേയമാക്കണം. കള്ള്ചെത്ത് തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളും സാമൂഹ്യ സുരക്ഷാ പദ്ധതിയും നടപ്പിലാക്കണം.

<u>പ്രൊഫ. എൻ. ജയരാജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളീയ സമൂഹത്തിന്റെ പൊതു നന്മയ്ക്ക് ഗുണകരമായ ഒരു പ്രവർത്തനവും ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. മദ്യപാനത്തേയും മദ്യലോബി കളെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. മദ്യാസ ക്തിക്കെതിരെ പ്രചരണ പരിപാടികൾ നടത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണ്. മദ്യപാനംമൂലം

വളരെയേറെ മരണങ്ങൾ സംഭവിക്കുകയും നിരവധിപേർ മാരക രോഗങ്ങൾക്കുവരെ അടിമകളാവുകയും ചെയ്യുന്നത് തടയുന്നതിനായി മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിയണം. കുട്ടികൾപോലും മദ്യത്തിന് അടിമകളാകുന്നുവെന്നാണ് പഠന റിപ്പോർട്ടുകൾ വെളിപ്പെ ടുത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി ബാറുകളും വിദേശ മദ്യഷാപ്പുകളും അനുവദിച്ചിരിക്കുകയാണ്. ആഘോഷ വേളകളിൽ മദ്യപാനത്തിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് കേരളത്തിലെ ജനങ്ങൾ ചെലവഴിക്കുന്നത്. ഇത് വളരെ അപകടകരമായ അവസ്ഥയിലേയ്ക്ക് നയിക്കും. സ്കൂളുകളുടെ പരിസരത്ത് പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ വിൽക്കുന്നത് കർശനമായി നിരോധിക്കണം. കഴിഞ്ഞ 3 വർഷത്തെ ഭരണംകൊണ്ട് മദ്യപാനം എന്ന ആപത്ക്കരമായ വിപത്തിനെതിരെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ മുമ്പോട്ടുവയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ല.

<u>ശ്രീ. എ. എ. അസീസ് :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം സംഘടിത-അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സേവന-വേതന വ്യവസ്ഥ നിലനിർത്തന്നതിനുംവേണ്ടി നിയമനിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. പൂട്ടിക്കിടന്നിരുന്ന തേയില തോട്ടങ്ങളിൽ 12 എണ്ണം തുറന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞതും കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. അനേകായിരം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ

നവീകരണത്തിനും തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചു. കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകുന്ന ഉൽസവബത്ത 300 രൂപയായി ഉയർത്തിയത് പ്രശംസനീയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ബഡ്ജറ്റിൽ കാഷ്യൂ ബോർഡ് സ്ഥാപിക്കാനുള്ള നടപടിയോ കശുവണ്ടി വ്യവസായത്തിന് സഹായകരമായ വിധത്തിലുള്ള നിലപാടോ സ്വീകരിക്കാത്തത് ഖേദകരമാണ്. ക്ഷേമനിധി ബോർഡുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്ന രീതി അവസാനിപ്പിച്ച് അതാത് ഡിപ്പാർട്ടുമെന്റുകളിലുള്ളവരെ നിയമിക്കണം. അംശദായം കൃത്യമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. കേരള ലാന്റ് അക്വിസിഷൻ ആക്ടും റിക്വസിഷൻ ആക്ടും പരിഷ്കരിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത ഇ.എസ്.ഐ. ലോക്കൽ ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കാനും അവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനും നടപടി സ്വീകരിക്കണം. കശുവണ്ടിത്തൊഴിലാളികൾക്കും രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകണം. എക്സൈസ് മേഖലയിൽ പരാതികൾക്കിടയില്ലാത്തവിധം മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. എ.എം.യൂസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതി വിമുക്തമായ ഐശ്വര്യ കേരളം കെട്ടിപ്പടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിനുള്ള അരി വിഹിതം കേന്ദ്രം വെട്ടിക്കുറച്ചപ്പോൾ നികുതി വർദ്ധിപ്പിക്കാതെതന്നെ ഒരു കിലോ അരി രണ്ട് രൂപയ്ക്ക് നൽകാൻ തീരുമാനിച്ചതും ന്യായവില ഷോപ്പുകളിലൂടെ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ത്വരിതപ്പെടുത്തിയതും സ്വാഗതാർഹമാണ്. ആരോഗ്യ മേഖലയിൽ ഫലപ്രദമായ

നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും പാവപ്പെട്ടവർക്ക് അതിന്റെ ഗുണഫലം ലഭ്യമാക്കുകയും ചെയ്തു. എല്ലാ ക്ഷേമനിധി പെൻഷനുകളും 250 രൂപയാക്കി വർദ്ധിപ്പിക്കുകയും വീടില്ലാത്തവർക്ക് വീടുകൾ വച്ച് നൽകുകയും ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം നേരിടുന്നതിന് കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിച്ചു. വ്യാവസായിക പുരോഗതിക്കായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനും അതുവഴി തൊഴിലാളികൾക്ക് ജോലി നൽകാനും സാധിച്ചു. ചുമട്ടുതൊഴിലാളി നിയമത്തിൽ മാറ്റം വരുത്തി. കൊച്ചിൻ പോർട്ടിൽ ഉൾപ്പെടെ കേരളത്തിൽ എല്ലായിടത്തും നോക്കുകൂലി നിരോധിച്ചു. ബാലവേല നിരോധിക്കാനായി നയപരമായ നിലപാട് സ്വീകരിച്ചു. 'കില' വഴി ജനപ്രതിനിധികൾ ഉൾപ്പെടെ എല്ലാവർക്കും ട്രെയിനിംഗ് നൽകി. തൊഴിൽത്തർക്കം പരിഹരിക്കാൻ ലേബർ കോടതികൾ ആരംഭിച്ചു. സ്വകാര്യ ആശുപത്രി ജീവനക്കാരെയും മറ്റ് മേഖലയിൽപ്പെട്ടവരേയും ഇ.എസ്.ഐ. സ്കീമിൽ കൊണ്ടുവന്നു. വിവിധ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികളുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. പ്രവാസി മലയാളികൾക്കായി ക്ഷേമ നിധി പ്രഖ്യാപിച്ചു. നിരവധി ഐ.ടി.ഐ.കളും ഐ.ടി.സി.കളും നവീകരിക്കുകയും പുതിയ കോഴ്സുകൾ അനുവദിക്കുകയും ചെയ്തു. മദ്യമാഫിയയെ നിയന്ത്രിക്കാൻ സാധിച്ചു. പുതിയ റെയിഞ്ച് ഓഫിസുകളും പുതിയ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചത് ശ്ലാഘനീയമാണ്. വ്യാജമദ്യം തടയുന്നതിനും മദ്യത്തിനെതിരെയുള്ള

ബോധവൽക്കരണം വ്യാപകമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

ശ്രീ. പി. സി. ജോർജ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നില്ല. സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്ന ഗവൺമെന്റിന്റെ പ്രകടനപത്രികയിലെ വാഗ്ദാനം പാലിച്ചിട്ടില്ല. വ്യാജ ക്കളളിന്റെ കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്തെ കളളുഷാപ്പുകളിൽ കളളിനുപകരം സ്പിരിറ്റാണ് വിൽക്കുന്നത്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോവർഷവും അബ്കാരി വരുമാന ത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. സ്പിരിറ്റ് മാഫിയകളെ തടയാൻ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന കളളിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കണം. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ വിദേശമദ്യത്തിന്റെ സെക്കന്റ്സ് വിൽപ്പന നടത്തുന്നത് ഒഴിവാക്കണം. വർദ്ധിച്ചുവരുന്ന മദ്യാസക്തി തടയാനുളള നടപടി സ്വീകരിക്കണം.

ശ്രീ. കെ.സി. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമരങ്ങളും ലേ ഓഫുമില്ലാതെ തൊഴിൽമേഖലയിൽ തൃപ്തികരമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് സാധിച്ചിട്ടുണ്ട്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പതിനഞ്ചിൽപ്പരം നിയമനിർമ്മാണങ്ങൾ നടത്തിയതുവഴി എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 25-ൽപ്പരം വിവിധ വിഭാഗം തൊഴിലാളി കൾക്കുകൂടി ക്ഷേമപദ്ധതി നടപ്പാക്കുമെന്നുളള പ്രഖ്യാപനം സ്വാഗതാർഹ

മാണ്. ഭൂരഹിതർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ ഒന്നാംഘട്ടം വിജയകരമായി നടപ്പാക്കാൻ സാധിച്ചു. ക്ഷേമനിധി ബോർഡുകളിലേയ്ക്ക് ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുകയും അതാത് തൊഴിലാളി വിഭാഗത്തിലുള്ളവരുടെ ആശ്രിതർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുകയും ചെയ്യണം. സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നതും കുറച്ചു തൊഴിലാളികൾക്ക് മാത്രം അംഗത്വമുള്ളതുമായ ക്ഷേമനിധി ബോർഡുകളെ ഒറ്റ ബോർഡായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ച് തൊഴിലാളികൾക്ക് വ്യാപകമായ ബോധവൽക്കരണം നടത്തണം. കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർക്കും പരമ്പരാഗത വ്യവസായത്തൊഴിലാളികൾക്കും തൊഴിൽ കാർഡ് കൊടുക്കാനുള്ള നടപടി സ്വാഗതാർഹമാണ്. വനത്തിൽ പണിയെടുക്കുന്നവരെക്കൂടി തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തണം. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ബാലവേല ഫലപ്രദമായി തടയാൻ ഗവണ്മെന്റ് ഇടപെടണം. കൂടുതൽ ഡോക്ടർമാരേയും നേഴ്സുമാരേയും നിയമിച്ച് ഇ.എസ്.ഐ.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ക്വാറിയിൽ പണിയെടുക്കുന്ന തൊഴിലാളികളെ കൂടി അതിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും വേണം. പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കണം. കഴിഞ്ഞ വർഷം 13 ഐ.ടി.സി.-കൾ ആരംഭിക്കാനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. സ്വകാര്യ ഐ.ടി.സി.-കളിലെ ഓരോ ട്രേഡിന്റെയും ഫീസ് ഘടനയിൽ നിബന്ധനയുണ്ടാക്കുകയും. ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട് കോടതിവിധി നടപ്പാക്കുകയും വേണം. വ്യാജമദ്യം കുറയ്ക്കാനും കള്ളുഷാപ്പുകൾ വഴി നല്ല കള്ള് വിതരണം ചെയ്യാനും

നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ വാഹനങ്ങളും ആയുധങ്ങളും ജീവനക്കാരേയും കൊടുത്ത് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തണം. എക്സൈസ് വകുപ്പിനെ കുറച്ചുകൂടി വിപുലീകരിക്കുകയും അഴിമതിരഹിതമാക്കുകയും വേണം. മദ്യ ഉല്പാദനം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ബിവറേജസ് കോർപ്പറേഷന്റെ ആഫീസും ഔട്ട്ലെറ്റുകളും സ്വന്തം കെട്ടിടങ്ങളിലാക്കുന്നതിനും ഔട്ട്ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. മദ്യത്തിന്റെ വില വർദ്ധിപ്പിച്ച നടപടി പുന:പരിശോധിക്കണം. മദ്യാസക്തിക്കെതിരെ ബോധവത്കരണം നടത്തി മദ്യപാനശീലത്തിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. അടഞ്ഞുകിടന്നിരുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. ചെങ്ങറ ഭൂസമരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രവാസികാര്യത്തിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ വർഷം 1,25,000 കോടി രൂപയുടെ ഫോറിൻ എക്സ്ചേഞ്ച് ഇൻഡ്യയിലേയ്ക്ക് എത്തിച്ച പ്രവാസികളുടെ ക്ഷേമത്തിന് ഒരു നയാപൈസപോലും കേന്ദ്ര ബഡ്ജറ്റിൽ നീക്കിവയ്ക്കാത്തത് പ്രതിഷേധാർഹമാണ്. പ്രവാസികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും കെ.എഫ്.സി. വഴി 7 ശതമാനം പലിശ നിരക്കിൽ ലോൺ നൽകാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. നോർക്ക-റൂട്ട്സിന്റെ കീഴിൽ പ്രവാസികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. നോർക്ക-റൂട്ട്സ് ആരംഭിക്കാൻ

ഉദ്ദേശിക്കുന്ന രണ്ട് സ്കൂളുകളിൽ ഒരെണ്ണം മലപ്പുറത്ത് സ്ഥാപിക്കണം. മലപ്പുറം-പാലക്കാട് ജില്ലാതിർത്തിയിലുള്ള അനധികൃത വാറ്റ് ഇല്ലാതാക്കാൻ നടപടിയുണ്ടാകണം. മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച ഐ.ടി.ഐ.കൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ മദ്യ-മയക്കുമരുന്ന് വിപത്തുകൾക്കെതിരെ ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും റെയ്ഡുകൾ നടത്തി അനധികൃത വാറ്റ് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. മൂന്നാറിൽ ഐ.ടി. പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. 10 ലക്ഷം പേർക്ക് ആനുകൂല്യം കിട്ടത്തക്കരീതിയിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കാൻ നടപടി സ്വീകരിച്ചു. മരണമടയുന്ന മരംകയറ്റ തൊഴിലാളികളുടെ ആശ്രിതർക്ക് കൊടുത്തുകൊണ്ടിരുന്ന ധനസഹായം 50.000 രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ വന്നതിനുശേഷം ക്ഷേമപദ്ധതികളിൽ കാലാനുസൃതമായിട്ടുള്ള മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമായി അവ ജനോപകാരപ്രദമാക്കി ത്തീർക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂട്ടിക്കിടന്നിരുന്ന തോട്ടങ്ങൾ പ്രവർത്തിപ്പി ക്കാനും തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനും കഴിഞ്ഞത് സ്വാഗ താർഹമാണ് അടഞ്ഞുകിടക്കുന്ന 5 തോട്ടങ്ങൾ കൂടി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലാളി കളുടെ ജോലിഭാരം വർദ്ധിപ്പിക്കുകയും വേതനം കുറയ്ക്കുകയുമാണ് ചെയ്തിരുന്നത്. 50 രൂപയുടെ ദിവസവേതന വർദ്ധനവ് തോട്ടം തൊഴിലാളിക ളുടെ ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചു. തോട്ടം ഉടമകൾക്ക് ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള

ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നില്ല.. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതോടൊപ്പം എല്ലാ തൊഴിലാളികളേയും ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തി ഇ.എസ്.ഐ. ആനുകൂല്യങ്ങളും രണ്ട് രൂപയ്ക്ക് അരിയും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണം. തോട്ടം തൊഴിലാളികൾക്ക് ആദ്യമായി ഭൂമി വിതരണം ചെയ്തത് ഈ സർക്കാരാണ്.. പ്രോവിഡന്റ് ഫണ്ടിന്റെ പലിശ നിരക്ക് കുറച്ചത് പുന:സ്ഥാപിക്കണം.

<u>ശ്രീ. എ.കെ. ചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുർബല ജനവിഭാഗങ്ങളുടേയും കർഷകത്തൊഴിലാളികളുടേയും പെൻഷൻ 250 രൂപയാക്കി വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. ചെത്തുതൊഴിലാളി പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നിയമം ഭേദഗതി ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ പ്രവർത്തനംമൂലം പരമ്പരാഗത മേഖലയിൽ പുത്തനുണർവ്വ് ഉണ്ടാക്കാൻ സാധിച്ചു. പൂട്ടിക്കിടന്നിരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യറേഷനും ചികിൽസാസഹായവും എത്തിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും പ്രവാസികൾക്കും ക്ഷേമനിധികൾ ഏർപ്പെടുത്തുകയുണ്ടായി. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തണം. കൈത്തറി, തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. മരംകയറ്റ തൊഴിലാളികൾ തൊഴിലിനിടെ അപകടത്തിൽപ്പെട്ട് മരണമടയുമ്പോൾ അവരുടെ ആശ്രിതർക്ക് നൽകിയിരുന്ന സഹായധനം അൻപതിനായിരം

രൂപയായും സ്ഥായിയായി വികലാംഗരാകുന്നവർക്കുള്ള ധനസഹായം ഇരുപത്തയ്യായിരം രൂപയായും വർദ്ധിപ്പിച്ചു. കേരളത്തിലെ 34 ഐ.ടി.ഐ കളിൽ 14 എണ്ണത്തിനെ സെന്റേഴ്സ് ഓഫ് എക്സലൻസായി ഉയർത്തുകയും ഏഴ് ഐ.ടി.ഐ.-കൾ അപ്ഗ്രേഡ് ചെയ്യുകയും 35 ആധുനിക ട്രേഡുകളി ലായി 1026 കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്തു. 13 ഐ.ടി.ഐ. കൾ 2008-ൽ ആരംഭിക്കുകയും 10 ഐ.ടി.ഐ. കൾ 2009-ൽ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇ.എസ്.ഐ. യുടെ നടത്തിപ്പ് കാര്യക്ഷ മമാക്കിയതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാ യിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികൾ നവീകരിക്കാനും പുതിയ ആശുപത്രി കെട്ടിടം പണിയാനും ഡോക്ടർമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകൾ നികത്താനും നടപടികൾ സ്വീകരിച്ചു. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വ്യാജ മദ്യത്തിന്റെ ഉത്പാദനവും വിപണ നവും കുറയ്ക്കാനും സ്പിരിറ്റ് കള്ളക്കടത്ത് തടയാനും സാധിച്ചു. എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനപരിപാടി പുനരാരംഭിച്ച് 1262 എക്സൈസ് ഗാർഡുമാർ, 110 പ്രിവന്റീവ് ഓഫീസർമാർ, 85 ഇൻസ്പെ ക്ടർമാർ എന്നിവർക്ക് പരിശീലനം നൽകുകയും ഇൻസ്പെക്ടർ, സി.ഐ. എന്നിവരിൽ 308 പേർക്ക് ആയുധ പരിശീലനം നൽകുകയും ചെയ്തു. ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ളവർക്ക് കൃത്യനിർവ്വഹണത്തിനായി പിസ്റ്റൾ നൽകി. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൽ മാറ്റി പുതിയവ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 94 ജീപ്പുകളും 30 മോട്ടോർ സൈക്കിളും വാങ്ങി നൽകുകയും അധികമായി ആവശ്യമുള്ള വാഹനം വാങ്ങാൻ നടപടിയെടുക്കുകയും ചെയ്തു ജോലിഭാരം കണക്കിലെടുത്ത് എക്സൈസ് വകുപ്പിൽ ഇനിയും കൂടുതൽപേരെ നിയമിക്കാനുള്ള നടപടി

സ്വീകരിക്കണം. കള്ള് വ്യവസായം പുനരുദ്ധരിക്കാനും തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകാനുമുള്ള നടപടി സ്വീകരിക്കണം. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കണം. വീര്യം കുറഞ്ഞ കള്ള് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വീര്യം കൂടിയ മദ്യ ത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൂടി സ്വീകരിക്കണം. മയക്കുമരുന്ന്, പാൻപരാഗ് എന്നിവയുടെ ഉപയോഗം നിരോധിക്കാനാവശ്യ മായ നടപടിയുണ്ടാകണം.

<u>ശ്രീ. ബി. രാഘവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ വിഭാഗം തൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് കേരളത്തിൽ ഒരു തൊഴിൽ നയം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വ്യവസായ രംഗത്ത് പുരോഗതിയും തൊഴിൽ രംഗത്ത് സമാധാനവും ഉറപ്പുവ രുത്താൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട പത്ത് ലക്ഷത്തിൽപ്പരം തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ ക്ഷേമ പെൻഷനുകൾ 250 രൂപയായി ഉയർത്തുകയും 28 മാസത്തെ കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. കർഷകത്തൊഴിലാളി ക്ഷേമനിധി നിയമം കാലോചിതമായി ഭേദഗതി ചെയ്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി സ്ത്രീക ളുടെ പ്രസവാനുകൂല്യം വർദ്ധിപ്പിക്കണം. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. കൊല്ലം ആസ്ഥാനമായി ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കാനും കാഷ്യൂ കോർപ്പറേഷനേയും കാപ്പെക്സിനേയും സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 1960-ൽ ആർ. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് കേരളത്തിൽ ആദ്യമായി ക്ഷേമനിധി പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത്. കയറ്റിറക്ക് ഭേദഗതി ബിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഓർഡി നൻസായി കൊണ്ടുവന്നുവെങ്കിലും നിയമമാക്കാൻ അവർക്ക് സാധിച്ചില്ല. എൻഫോഴ്സ്മെന്റ്, കൺസിലിയേഷൻ, വെൽഫെയർ മെഷേഴ്സ് എന്നീ കാര്യങ്ങളിൽ ഗുണപരമായ യാതൊരു വ്യത്യാസവും ഉണ്ടാക്കാൻ തൊഴിൽ വകുപ്പിന് സാധിച്ചിട്ടില്ല. ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതി നെക്കുറിച്ചും മറ്റ് ഭൗതിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ അടിയന്തിരമായി ആലോചിക്കണം. സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പി ക്കണം. ക്ഷേമനിധി ബോർഡിൽ പരിചയ സമ്പന്നരായ എ.എൽ.ഒ.മാരെ നിയമിക്കണം. സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുക, എൻഫോഴ്സ്മെന്റ് നടപ്പിലാക്കുക എന്നീ കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് എ.എൽ.ഒ.മാരുടെ എണ്ണം വർദ്ധിപ്പിക്കുകയും അധികാര പരിധി കുറയ്ക്കുകയും ചെയ്യണം. 10 മാസമായി ഒഴിഞ്ഞു കിടക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാറുടെ തസ്തിക നികത്തുന്നതിന് നടപടി സ്വീകരിക്കണം. മിനിമം വേജസ്, പി.എഫ്, ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ എല്ലാ കശുവണ്ടി തൊഴിലാളികൾക്കും ലഭ്യമാക്കണം. കുടിവറുപ്പ് നിയമത്തിന് റൂൾസ് ഉണ്ടാ ക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ഫെയർ വേജസ് ആക്ട് കൊണ്ടുവരണം. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം അഡ്ജൂഡി ക്കേഷന് വിടുന്ന കേസുകളിൽ ആറുമാസത്തിനുള്ളിൽ പരിഹാരം കാണു കയും കൂടുതൽ കോടതികൾ അനുവദിക്കുകയും വേണം. സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടേയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിക്കുന്നതാണ്. ആൾ ഇൻഡ്യ സ്കിൽ കോമ്പറ്റീഷനിൽ മികച്ച സംസ്ഥാനത്തിനുള്ള റണ്ണിംഗ് ഷീൽഡ് കേരളത്തിന് ലഭിക്കുകയും മൂന്ന് ട്രെയിനീസിനെ ഏറ്റവും മികച്ചവരായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സ്ഥലവും കെട്ടിടവും ഫർണിച്ചറുകളും മറ്റും സൗജന്യമായി നൽകുന്ന സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുന്നതാണ്. കഴിഞ്ഞ വർഷം 13 പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുകയും ഈ വർഷം 10 എണ്ണം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കൊയിലാണ്ടി, ആര്യനാട്, കൽപ്പറ്റ, കണ്ണൂർ വനിതാ ഐ.ടി.ഐ. എന്നിവയെ ഒന്നാംകിട ഐ.ടി.ഐ-കളാക്കി ഉയർത്താനും ആറ് വനിതാ ഐ.ടി.ഐ-കൾ ഉൾപ്പെടെ എട്ട് ഐ.ടി.ഐ-കളെക്കൂടി സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താനും ശുപാർശ ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ, ഏറ്റുമാനൂർ, കൊല്ലം (വനിത) ധനുവച്ചപുരം എന്നീ നാല് ഐ.ടി.ഐ-കളിൽ ഫിനിഷിംഗ് സ്കൂളുകളും എല്ലാ ഐ.ടി.ഐ./ഐ.ടി.സി.-കളിലും കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ഓറിയന്റേഷൻ-കം-ട്രെയിനിംഗും ആരംഭിക്കുന്നതാണ്. ഐ.ടി.ഐ. വിദ്യാർത്ഥികളെ ട്രെയിൻ ചെയ്യിക്കുന്നതിനായി ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിംഗ് സ്ഥാപിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. വയനാട്ടിൽ ഒരു പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റ് 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുസ്ലീം ന്യൂനപക്ഷ പ്രദേശങ്ങളിൽ 10

ഐ.ടി.ഐ.-കൾക്ക് അനുവാദം നൽകണമെന്ന് പ്ലാനിംഗ് കമ്മീഷനോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അടഞ്ഞു കിടന്നിരുന്ന 22 തേയില തോട്ടങ്ങളിൽ 17 എണ്ണം തുറന്നു പ്രവർത്തിപ്പിക്കുകയും ബാക്കിയുള്ളവ കൂടി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളെടുത്തുവരികയുമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആഴ്ചയിൽ 5 കിലോ അരി സൗജന്യമായി നൽകുകയും ഓണക്കാലത്ത് എക്സ്ഗ്രേഷ്യോ അലവൻസ് നൽകുകയും ചെയ്യുന്നുണ്ട്. കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കായി 2.98 കോടി രൂപയുടെ ഒരു സ്കീമും നടപ്പാക്കിയിരിക്കുകയാണ്. മാരക രോഗങ്ങൾക്കുള്ള ചികിത്സയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം നൽകുന്നുണ്ട്. കഴിഞ്ഞ സർക്കാർ മിനിമം വേജസ് നടപ്പാക്കുകയും രണ്ട് പ്രാവശ്യം പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേജസ് നടപ്പാക്കാൻ അംഗീകരിച്ച 82 വ്യവസായങ്ങളിൽ 42 എണ്ണത്തിലും അത് ഏർപ്പെടുത്തുകയും ബാക്കിയുള്ളവയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കരകൗശല മേഖലയിൽ ആധുനിക ഡിസൈൻ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് കുണ്ടറ ആസ്ഥാനമാക്കി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് എന്ന സ്ഥാപനം ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബോയിലേഴ്സിന്റേയും സ്റ്റീം പൈപ്പുകളുടേയും വെൽഡിംഗിനും അറ്റകുറ്റപണികൾക്കും യോഗ്യത പരീക്ഷയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സും ഫാക്ടുമായി ചേർന്നുകൊണ്ട് കേരള

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് (KIWR) എന്ന സ്ഥാപനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ ടെക്നോളജിയുടെ വികസനത്തിന് ആഗോളതലത്തിൽ മത്സരാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്താനും നിർമ്മാണ മേഖലയിലെ സാങ്കേതികത്വം വികസിപ്പിക്കാനുള്ള ഒരു അക്കാഡമി വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ ഈ വർഷം ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സർക്കാർ വന്നതിനുശേഷം ഇ.എസ്.ഐ-യിൽ ഇൻഷ്വർ ചെയ്യുന്നവരുടെ എണ്ണം രണ്ടു ലക്ഷത്തിലധികമായി വർദ്ധിച്ചിട്ടുണ്ട്. ഇ.എസ്.ഐ. പരിരക്ഷ കേരളത്തിലാകെ ബാധകമാക്കാനാണ് ശ്രമിക്കുന്നത്. ഇക്കാര്യം ഇ.എസ്.ഐ. റീജിയണൽ ഡയറക്ടറേറ്റ് ബോർഡ് യോഗം കേന്ദ്ര സർക്കാരിനോടും ഇ.എസ്.ഐ. കോർപ്പറേഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. അബ്കാരി നിയമത്തിലും അനുബന്ധ ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള ബിൽ താമസിയാതെ നിയമസഭയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂരിൽ എക്സൈസ് അക്കാഡമിയുടെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്. എക്സൈസ് വകുപ്പിലെ ഓഫീസർ നിലവാരത്തിലുള്ള ഉദ്യോഗസ്ഥർക്ക് പിസ്റ്റൾ നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 20 വർഷത്തോളമായി അടഞ്ഞുകിടന്നിരുന്ന ചികോപ്സിന്റെ പുനരുദ്ധാരണ പ്രവർത്തനം പൂർത്തീകരിച്ച് ഉല്പാദന പ്രക്രിയ ആരംഭിക്കുന്നതാണ്. കരിമ്പ് കൃഷിക്കാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തു തീർത്തു. തിരുവല്ല ടി.എസ്.സി.എൽ. നവീകരിക്കാൻ നടപടി സ്വീകരിച്ചു. തരിശായി കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. മദ്യവർജ്ജന ബോധവത്ക്കരണ കാമ്പെയിൻ വിപുലമായി നടത്തു

ന്നുണ്ട്. ആഗസ്റ്റ് മാസത്തിൽ കോളേജുകളിൽ മദ്യവർജ്ജന ബോധവത്ക്കരണ കാമ്പെയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വ്യാജ മദ്യത്തിനെതിരായി ബോധവത്ക്കരണ പ്രവർത്തനവും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നുണ്ട്. സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ നടപടി സ്വീകരിക്കുന്നുണ്ട്. കള്ളുഷാപ്പുകളിൽ മായം ചേർത്ത കള്ള് വിൽക്കുന്നത് അവസാനിപ്പിക്കാനുള്ള തീവ്രപരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലേബർ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനെപ്പറ്റി ഗൗരവപൂർവ്വമായി ആലോചിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അർഹമായ പരിഗണന നൽകുന്നതാണ്. പ്രവാസി ക്ഷേമനിധി ബിൽ നടപ്പിലാക്കുന്നതിന് വിദേശത്ത് ഓഫീസ് ആരംഭിക്കേണ്ടത് ആവശ്യമാണെന്നിരിക്കെ അതിനുള്ള വകുപ്പ് നിയമത്തിൽ ഇല്ലെന്നുള്ളത് വസ്തുതയാണ്. ഇതര രാജ്യങ്ങളുമായുള്ള നയതന്ത്ര ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം ഡീൽ ചെയ്യേണ്ടത്. നോർക്ക-റൂട്ട്സിന്റെ സഹായ പദ്ധതികൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ദുർബലമായ ബോർഡുകളെ ഏകോപിപ്പിച്ച് ഒരു ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്. കേരളം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇക്കൊല്ലത്തെ കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന് കൂടുതലായി ആവശ്യമായി വരുന്ന തുക സപ്ലിമെന്ററി ഡിമാന്റിൽ വകയിരുത്തുന്നതാണ്. ദേശീയ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ 100 രൂപയാണ് കൂലി പ്രഖ്യാപിച്ചിട്ടുള്ളതെങ്കിലും 125 രൂപയാണ് ഇപ്പോൾ

കേരളത്തിൽ നിലവിലുള്ളത്. ആ കൂലി 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദംചെലുത്തുന്നതാണ്. എക്സ്ട്രാന്യൂട്രൽ ആൽക്കഹോളിന്റെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായപ്പോഴാണ് മദ്യത്തിന്റെ വില 4 ശതമാനം മുതൽ 6 ശതമാനം വരെ വർദ്ധിപ്പിച്ചത്. മരംകയറ്റ തൊഴിലാളികളെയടക്കം എല്ലാ വിഭാഗം തൊഴിലാളികളേയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ലേബർ വെൽഫെയർ ഫണ്ടിന്റെ കീഴിലുള്ള കൈത്തൊഴിലാളി, വിദഗ്ദ്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള 60 വയസ്സ് കഴിഞ്ഞവർക്കാണ് ഇപ്പോൾ പെൻഷൻ കൊടുക്കുന്നതെങ്കിലും അതിൽപ്പെടാത്ത പാവപ്പെട്ട തൊഴിലാളികളെയെല്ലാം സംരക്ഷിക്കുകയെന്നത് ഈ ഗവൺമെന്റിന്റെ നയമാണ്. കള്ള്ചെത്ത് തൊഴിലാളി പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിച്ചത് ഓണത്തിന് വിതരണം ചെയ്യും. നോക്കുകൂലി സമ്പ്രദായം ശക്തമായി തടയുന്നതിനായി എല്ലാ സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കണം. തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തും. ഫെയർ വേജസ് ആക്ട് നടപ്പിലാക്കാൻ കഴിയുന്ന എല്ലാ വ്യവസായ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണ്. കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ എന്ന ഏജൻസിക്ക് കേന്ദ്ര ഗവൺമെന്റ് 58 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ലേബർ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയുംവേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV- ാം നമ്പർ ധനാഭ്യർത്ഥനയും പാസ്സാക്കണമെന്ന പ്രമേയം 25 നെതിരെ 82 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 3.33-ന് പിരിഞ്ഞു.)